**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3447** **14-07-2022 - ൽ മറുപടിയ്ക്ക്**

**ഹരിത കാമ്പസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോളേജുകളിലും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലും സോളാർ മേൽക്കൂര സ്ഥാപിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഉന്നതവിദ്യാഭ്യാസവകുപ്പിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ കോളേജുകളിൽ സോളാർ മേൽക്കൂര വയ്ക്കുന്നതിന് അനുയോജ്യമെന്ന് കെ.എസ്.ഇ.ബി. കണ്ടെത്തിയ കോളേജുകളിൽ, കെ.എസ്.ഇ.ബി.-യുടെ സൗരപ്രൊജക്ടിന്റെ ഭാഗമായി സോളാർ മേൽക്കൂര സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൗരപ്രൊജക്ട് നടപ്പാക്കാത്ത കോളേജുകളിൽ ഈ സാമ്പത്തിക വർഷം പുതുതായി ആരംഭിച്ച 'ഗ്രീൻ ക്യാമ്പസ്' എന്ന പദ്ധതിയിൽപ്പെടുത്തി സോളാർ മേൽക്കൂര സ്ഥാപിക്കുന്നതിന് തുക അനുവദിക്കാൻ കഴിയും.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ SOURA പദ്ധതി പ്രകാരം 41 സ്ഥാപനങ്ങളിലായി 2579.63 (kWp) ശേഷിയുള്ള പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ സോളാർ വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം പുരോഗമിക്കുന്നു.<br><br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിനു മുകളിലും, കിഫ്ബി പദ്ധതിയിൽ പണിയുന്ന അക്കാദമിക് ബ്ലോക്കിനു മുകളിലും സോളാർ മേൽക്കൂര സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കേരള സർവകലാശാലയുടെ കാര്യവട്ടം എഞ്ചിനീയറിംഗ് കോളേജിലും Smart City Thiruvananthapuram Ltd. (SCTL) ന്റെ പദ്ധതിയുടെ ഭാഗമായി കേരള സർവകലാശാല ലൈബ്രറിയിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അനെർട്ടിന്റെ സഹകരണത്തോടെ കാര്യവട്ടം കാമ്പസിനെ സമ്പൂർണ്ണ സൗരോർജ്ജ കാമ്പസ് ആക്കി |

| | | | |
|---|---|---|---|
| | | | മാറ്റുന്നതിനായി വേണ്ട നടപടികൾ പുരോഗമിക്കുകയാണ്. 2013-14 സാമ്പത്തിക വർഷത്തിലെ സംസ്ഥാന പദ്ധതി ധനസഹായത്തിനു കീഴിൽ കേരള സർവകലാശാലയിൽ ഒരു സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഒരു കോടി രൂപ വകയിരുത്തുകയും അത് പ്രകാരം, ANERT-മായി ചേർന്ന് കാര്യവട്ടം ക്യാമ്പസിലെ സുവർണജൂബിലി ബിൽഡിംഗിന്റെ മുകളിൽ 100 കിലോവാട്ട് ശേഷിയുള്ള സോളർ പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മഹാത്മാഗാന്ധി സർവകലാശാലയിലെ അഞ്ചോളം സ്ഥാപനങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>ഐ.എച്ച്. ആർ.ഡി. -യ്ക്ക് കീഴിലുള്ള 8സ്ഥാപനങ്ങളിൽ സോളാർ മേൽക്കൂര സ്ഥാപിച്ചിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങളിൽ സാധ്യമായിടത്തെല്ലാം സോളാർ മേൽക്കൂര സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കണ്ണൂർ സർവകലാശാലയുടെ മാങ്ങാട്ടുപറമ്പ, താവക്കര, തലശേരി, പയ്യന്നൂർ ക്യാമ്പസുകളിൽ കെ.എസ്. ഇ.ബി.-യുടെ "സൗര" പ്രൊജക്റ്റിൽ ഉൾപ്പെടുത്തി സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കുസാറ്റിൽ 175 KW Solar Ongrid Plant സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, 100 KW Solar Ongrid സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.<br><br>കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിൽ കെ.എസ്.ഇ.ബി.-യുടെ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, ഗവൺമെന്റ് ലോ കോളേജ് മെൻസ് ഹോസ്റ്റലിലും സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ കോളേജുകളിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ പച്ചക്കറി/പുഷ്പകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹരിത കാമ്പസ് പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ച് വരുന്നു; വിശദമാക്കാമോ? | (ബി) | ഉന്നതവിദ്യാഭ്യാസവകുപ്പിൽ സംസ്ഥാനത്തെ കോളേജുകളിലെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ പ്രയോജനപ്രദമാക്കുന്നതിനായി അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പ്സാമ്പത്തികവർഷം ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി എല്ലാ സർക്കാർ കോളേജുകൾക്കും തുക അനുവദിച്ചിട്ടുണ്ട്.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോളേജുകളിൽ ഹരിത ക്യാമ്പസ് പദ്ധതി |

നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. എൻ.എസ്.എസ്., ഹരിത ക്ലബുകൾ മറ്റ് സന്നദ്ധ സംഘടനകൾ ഇവ സഹപാഠ്യപദ്ധതികൾ മുഖേന കോളേജുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. സാമൂഹ്യനന്മ ലക്ഷ്യമിട്ട് സർക്കാർ തലത്തിൽ രൂപീകരിച്ച ഹരിതകേരളം മിഷൻ ഉൾപ്പെടെയുള്ള പദ്ധിതകൾക്കാവശ്യമായ സാങ്കേതിക സഹായം നൽകാനും തദ്ദേശീയമായ സാങ്കേതിക വിദ്യാവികസനത്തിന് ഊന്നൽ നൽകാനും സാങ്കേതികവിദ്യാഭ്യാസ വകുപ്പ് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിലുള്ള “Idle to Ideal” പദ്ധതിയുടെ ഭാഗമായി സർവകലാശാല യുടെ തരിശായി കിടന്ന 3.5 ഏക്കർ ഭൂമി ഏറ്റെടുത്ത് സംസ്ഥാന കൃഷി വകുപ്പുമായി സഹകരിച്ച് വിഷരഹിത പച്ചക്കറികൾ കൃഷി ചെയ്തുവരുന്നുണ്ട്. ഇതുകൂടാതെ, സർവകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് കേന്ദ്രീകരിച്ച് ഗ്രോ ബാഗ് കൾട്ടിവേഷൻ നടത്തി വരുന്നുണ്ട്. ലോകപരിസ്ഥിതി ദിനത്തിന്റെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലും പരിസരപ്രദേശ ങ്ങളിലുമായി 260 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. സുഭിക്ഷം പദ്ധതിയുടെ ഭാഗമായി എൻ.എസ്.എസ്. യൂണിറ്റ്, കളമശേരി കൃഷിഭവൻ വകുപ്പിന്റെ സഹായത്തോടെ വിവിധതരം പച്ചക്കറികൾ കൃഷി ചെയ്തുവരുന്നുണ്ട്. സംസ്ഥാന കൃഷിവകുപ്പിൽ നിന്നും ലഭ്യമായ 83,000/- രൂപ സാമ്പത്തിക സഹായത്തോടുകൂടി കുഞ്ഞാലിമരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗ് കേന്ദ്രീകരിച്ചും വിഷരഹിത പച്ചക്കറികൃഷി നടന്നുവരുന്നു.

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ കോളേജുകളിലെ ബിരുദ വിദ്യാർത്ഥികൾക്ക് ഒരു ജൈവകൃഷി പ്രൊജക്റ്റ് (MOOC) സർവകലാശാലയിലെ Inter University Centre for Organic Farming and Sustainable Agriculture (IUCOFSA) വഴി നടപ്പാക്കിവരുന്നു.

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ എൻ.എസ്.എസ്.-ന്റെയും മറ്റും

| | | | |
|---|---|---|---|
| | | | സഹകരണത്തോടെ പച്ചക്കറി/പുഷ്പകൃഷി ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ